# പതിനൊന്നാം കേരള നിയമസഭ

നാലാം സമ്മേളനം

# ചോദ്യോത്തരങ്ങൾ - സംഗ്രഹം

2002 ജൂലായ് 4, വ്യാഴം

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

93 (*311) ഡബ്ളിയു.ടി.ഒ. സമിതിയുടെ രൂപീകരണം

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ.ആർ. ഗൗരിയമ്മ) നൽകിയ മറുപടിയിൽ സംസ്ഥാനത്ത് ഡബ്ളിയു.ടി.ഒ. കരാറനുസരിച്ച് കേരളത്തിന്റെ കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ളതും ഭാവിയിൽ ഉണ്ടാകാൻ സാദ്ധ്യതയുള്ളതുമായ വിവിധ കാര്യങ്ങൾ പഠിക്കുന്നതിനായി പ്രമുഖ കാർഷിക ശാസ്ത്രജ്ഞനായ പ്രൊഫ. എം.എസ്. സ്വാമിനാഥൻ ചെയർമാനായും താഴെ പറയുന്നവർ അംഗങ്ങളായും ഒരു സമിതി രൂപീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു:

പ്രൊഫ. എം.എസ്. സ്വാമിനാഥൻ, ചെയർമാൻ

ഡോ. കെ.എൻ. ശ്യാമസുന്ദരൻ നായർ, വൈസ് ചെയർമാൻ

ഡോ. പി.കെ. വാര്യർ, (കോട്ടയ്ക്കൽ ആര്യവൈദ്യശാല, കോട്ടയ്ക്കൽ) മെമ്പർ

ഡോ. പാർവതീ മേനോൻ, (ഫ്രണ്ട് ലൈൻ, കറസ്പോണ്ടന്റ്, ബാംഗ്ളൂർ), മെമ്പർ

ഡോ. കെ.പി. പ്രഭാകരൻ നായർ,(അക്ഷയ, ഈസ്റ്റ്ഹിൽ, കോഴിക്കോട്), മെമ്പർ

ശ്രീ. ആർ.കെ. കൃഷ്ണകുമാർ, (മാനേജിംഗ് ഡയറക്ടർ, താജ് ഗ്രൂപ്പ് ഓഫ് ഹോട്ടൽസ്, ബോംബെ), മെമ്പർ

ശ്രീ. കെ.ജെ. ജോസഫ്, (സെക്രട്ടറി, അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ്, എറണാകുളം), മെമ്പർ

ഡോ. ജോൺ കുര്യൻ, മെമ്പർ,

ഡോ. കെ.വി. പീറ്റർ, മെമ്പർ (വൈസ്ചാൻസലർ. കേരള കാർഷിക സർവകലാശാല),

കാർഷികോല്പാദന കമ്മീഷണർ (കേരളം), മെമ്പർ സെക്രട്ടറി.

കേരളത്തിന്റെ കാർഷിക മേഖലയിൽ ലോക വ്യാപാര കരാറിന്റെ പ്രഭാവം വിശകലനം ചെയ്യുക; കാർഷിക അനുബന്ധ ഉല്പന്നങ്ങളുടെ കയറ്റുമതി സാദ്ധ്യതകളും പരിമിതികളും സംബന്ധിച്ച പര്യവേഷണം നടത്തുകയും കയറ്റുമതി ഗണ്യമായ തോതിൽ വർദ്ധിപ്പിക്കുന്ന തിനുള്ള നടപടികൾ നിർദ്ദേശിക്കുകയും ചെയ്യുക; അന്താരാഷ്ട്ര വിപണിയിൽ മാത്സര്യത്തിന് പ്രാപ്തമാക്കുംവിധം സംസ്ഥാനത്തെ കാർഷികോല്പന്നങ്ങളുടെ ഗുണമേന്മ ഉയർത്തുന്നതിനും ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനും വിവിധ തലങ്ങളിലാവശ്യമായ നടപടികൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുക; ശുചിയായ ഗുണമേന്മയുള്ള ഉല്പന്നങ്ങൾ മാത്രം ഇറക്കുമതിയോ കയറ്റുമതിയോ ചെയ്യുന്നതിന് സ്വീകരിക്കേണ്ട നടപടികൾ നിർദ്ദേശിക്കുക; കർഷകരുടെ വരുമാനവും സംസ്ഥാനത്തിന്റെ റവന്യൂവും ഗണ്യമായി വർദ്ധിപ്പിക്കാൻ കയറ്റുമതി ചെയ്യാ വുന്ന കാർഷിക വിളകളും അനുബന്ധ ഉല്പന്നങ്ങളും അവയുടെ ഉപ ഉല്പന്നങ്ങളും തെരഞ്ഞെടുത്ത് അവയ്ക്ക് മുൻഗണനാക്രമം നിശ്ചയിക്കുക; കർഷകർക്ക് പ്രത്യേക താല്പര്യമുള്ള ബൗദ്ധിക സ്വത്തവകാശ നടപടികൾ നിർദ്ദേശിക്കുക എന്നിവയാണ് പ്രസ്തുത കമ്മീഷന്റെ കർത്തവ്യങ്ങളും ചുമതലകളും.

ലോകവാണിജ്യ കരാർമൂലം സംസ്ഥാനത്തെ കാർഷികോല്പന്നങ്ങൾക്ക് അന്താരാഷ്ട്ര മാർക്കറ്റിൽ ഫലപ്രദമായി മൽസരിക്കുന്നതിന് ഉണ്ടായിട്ടുള്ള പ്രയാസങ്ങൾ ദൂരീകരിക്കുവാൻ ചില നിർദ്ദേശങ്ങൾ സർക്കാരിലേക്ക് അയച്ചുതന്നിട്ടുണ്ട്. അവ, പ്ലാന്റേഷനുകൾ അടച്ചുപൂട്ടുന്നത് ഒഴിവാക്കാൻ ആവശ്യമായ സപ്പോർട്ട് നൽകുക, റബ്ബർ, നാളികേരം തുടങ്ങിയ ഉല്പന്നങ്ങളെ വിലത്തകർച്ചയിൽനിന്നും കര കയറ്റാൻ ഇവ കയറ്റുമതി ചെയ്യുന്നതിനു ബഡ്ജറ്റ് സപ്പോർട്ട് നൽകുക, നാളികേര വികസനത്തിനു സമഗ്ര പദ്ധതി തയ്യാറാക്കുക, (ഇതിൽ ഉല്പാദന വൈവിദ്ധ്യവൽക്കരണത്തിനും മൂല്യവർദ്ധിത സംസ്കരണത്തിനും പ്രാധാന്യം നൽകുക, നാഷണൽ ടെക്നോളജി മിഷനിൽപെടുത്തി കർഷകരുടെ കൂട്ടായ്മയിൽ പദ്ധതികൾ നടപ്പാക്കുക), ഗ്രീൻ ഹെൽത്ത് ടൂറിസത്തിന്റെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തു ന്നതിന് ഔഷധ സസ്യങ്ങൾ നട്ടുവളർത്തുന്നതിനും സംസ്കരിക്കുന്നതിനുമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക – അങ്ങനെ തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുകയും ഔഷധ സസ്യ സംരക്ഷകരും സൂക്ഷിപ്പുകാരുമായ ആദിവാസികളുടെ ക്ഷേമം ഉറപ്പാക്കുകയും ചെയ്യുക എന്നിവയാണ്. കേരളത്തിന്റേതായ ഔഷധ സസ്യങ്ങളുടേയും മരുന്നുകളുടേയും പേറ്റന്റ് അവകാശം മററു രാജ്യങ്ങൾ കൈവശപ്പെടുത്തുന്നത് സംസ്ഥാന–കേന്ദ്ര ഗവൺമെന്റുകൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ക്യാൻസൽ ചെയ്തിട്ടുണ്ട്. പ്രൊഫ.സ്വാമിനാഥൻ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ഐ.ടി. ഡിവിഷന്റെ പ്രാഥമിക റിപ്പോർട്ടനുസരിച്ച് വേൾഡ് സാറ്റലൈറ്റ് സിസ്റ്റവുമായി യോജിച്ച് പാക്കേജ് ഓഫ് പ്രാക്ടീസസ്, മാർക്കറ്റ് പ്രൈസ് ഇൻഫർമേഷൻ, മോശമായ കാലാവസ്ഥ, പെസ്റ്റ് ഡിസീസ് മുതലായവയിൽ കൃഷിക്കാർക്ക് വിവരം എത്തിക്കുന്നതിന് ഒരു സാറ്റലൈറ്റ് വിടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആ കമ്മീഷന്റെതന്നെ നിർദ്ദശങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന കോമേഴ്സ്യൽ മിനിസ്റ്റർമാരുടെ യോഗത്തിൽ റബ്ബറും നാളികേരവും കാർഷിക

വിളകളായി അംഗീകരിക്കുകയും പ്ലാന്റേഷൻ സെക്ടറിൽ തൊഴിലാളികൾക്കുള്ള അവകാശം കുറഞ്ഞുപോകാതിരിക്കാൻ ഫുഡ് ഫോർ വർക്ക് സ്കീമിൽ പ്ലാന്റേഷൻ കൂടി ഉൾപ്പെടുത്തിക്കൊണ്ട് അവർക്കാവശ്യമായ സംരക്ഷണം കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. നാളികേരത്തിന്റെയും റബ്ബറിന്റെയും വിലനിലവാരം നിയന്ത്രിക്കുന്നതിന് എന്തൊക്കെ ചെയ്യണമെന്നതിനെപ്പറ്റി പഠിക്കുവാൻ മന്ത്രിമാർ അടങ്ങുന്ന സബ്കമ്മിറ്റി ഉണ്ടാക്കുകയും നമ്മുടെ ഉല്പന്നങ്ങൾ പുറത്തേക്ക് കയറ്റി അയയ്ക്കുവാനും മറ്റു രാജ്യങ്ങളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ഇറക്കുമതി ചെയ്യാതിരിക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിൽ നാളികേരത്തിന്റെ ഉല്പാദനക്ഷമതയുടെ കുറവും തെങ്ങുകളെ ബാധിക്കുന്ന രോഗവും പ്രതിരോധിക്കുന്നതിന് ആവശ്യമായ നടപടിയെടുക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കാർഷിക വിളകളുടെ ഇറക്കുമതി ചുങ്കം സംബന്ധിച്ച് തീരുമാനിക്കുന്നതിന് 2003 വരെ സമയം നീട്ടിയിട്ടുണ്ട്.

94 (* 312) <u>ഭക്ഷ്യ സാധനങ്ങൾക്കുള്ള സബ്സിഡി</u>

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി, ശ്രീ.ജി. കാർത്തികേയനുവേണ്ടി, വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ ദാരിദ്ര്യ രേഖയ്ക്കു മുകളിലുള്ളവർക്ക് വിതരണം ചെയ്യുന്നതിനായി സബ്സിഡൈസ്ഡ് റേറ്റിലാണ് കേന്ദ്രം ഭക്ഷ്യസാധനങ്ങൾ തരുന്നതെന്ന് സഭയെ അറിയിച്ചു. കേന്ദ്ര സർക്കാർ എ.പി.എൽ. അരിയുടെ വില 9.60 രൂപയായിരുന്നപ്പോൾ 27-7-2000 മുതൽ അത് 11.90 രൂപയാക്കി ഉയർത്തി. എ.പി.എൽ. അരി 10 രൂപയ്ക്ക് വില്ക്കണമെന്ന സംസ്ഥാന സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഒരു കിലോഗ്രാം അരിക്ക് 1.90 രൂപ സബ്സിഡി അനുവദിച്ചു. എന്നാൽ 1-7-2001 മുതൽ കേന്ദ്രം എ.പി.എൽ. അരിയുടെ വില 8.90 രൂപയാക്കി കുറച്ചതിനെത്തുടർന്ന് മുൻതീരുമാനത്തിന് പ്രസക്തിയില്ലാതായി. 2001 ജൂലായ് ഒന്നുവരെ മുൻസർക്കാരും ഈ സർക്കാരും സബ്സിഡി തുടർന്നിരുന്നു. 1-4-2002 മുതൽ എ.പി.എൽ. അരിയുടെ വില 7.90 രൂപയാക്കി കേന്ദ്ര സർക്കാർ നിശ്ചയിച്ചു. അതിനാൽ സബ്സിഡി കൂടാതെ തന്നെ എ.പി.എൽ. അരിയുടെ വില മാർക്കറ്റ് റേറ്റിനെക്കാൾ വളരെ താഴെയാണ്. ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ളവർക്ക് കിലോഗ്രാമിന് 7 രൂപ 90 പൈസയും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് കിലോഗ്രാമിന് 6 രൂപ 20 പൈസയുമാണ് റേഷനരിയുടെ 2002 ഏപ്രിൽ മാസം മുതൽ പ്രാബല്യത്തിലുള്ള വില. 2000-01 സാമ്പത്തികവർഷത്തിൽ 34.50 കോടി രൂപയും 2001-02 സാമ്പത്തികവർഷത്തിൽ 2001 ഏപ്രിൽ മാസം മുതൽ ജൂലൈ മാസം വരെ (4 മാസം) 4 കോടി രൂപയും സബ്സിഡി ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. കേന്ദ്രം അനുവദിക്കുന്ന റേഷൻ വിഹിതം പൂർണ്ണമായി സംസ്ഥാനത്ത് വിതരണം ചെയ്യാൻ കഴിയുന്നില്ല. റേഷൻ കാർഡ് വിതരണത്തിൽ വന്നിട്ടുള്ള അപാകതകളെ സംബന്ധിച്ച് പരാതി കിട്ടിയാൽ അന്വേഷിക്കുന്നതാണെന്നും റേഷൻ കടകൾ വഴി പയർ, കടല മുതലായവ സബ്സിഡൈസ്ഡ് റേറ്റിൽ വിതരണം ചെയ്യുന്ന കാര്യം പരിശോധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

95 (*313) ഭക്ഷ്യ ധാന്യ സംഭരണം സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ പുതിയ നയം

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യുച്ഛക്തി വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ഭക്ഷ്യധാന്യ സംഭരണം സംബന്ധിച്ച് കേന്ദ്ര സർക്കാർ അവലംബിക്കുന്ന പുതിയ നയം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പൊതു വിതരണശൃംഖല വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങൾ അതത് സംസ്ഥാനങ്ങൾ തന്നെ നേരിട്ട് വാങ്ങണമെന്ന കേന്ദ്ര നിർദ്ദേശം ഭക്ഷ്യ ധാന്യങ്ങളുടെ പൊതുവിതരണത്തെ ദോഷകരമായി ബാധിക്കും. അവശ്യവസ്തുക്കളുടെ കടത്ത് സംബന്ധിച്ച് 21–5–2002–ൽ പ്രധാനമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കേന്ദ്ര സർക്കാർ നടത്തിയ മുഖ്യമന്ത്രിമാരുടെ അഖിലേൻഡ്യാ സമ്മേളനത്തിൽ കേരള മുഖ്യമന്ത്രി കേരളത്തിൽ നിലനില്ക്കുന്ന റേഷണിംഗ് സമ്പ്രദായം മാറ്റമില്ലാതെ തുടരണമെന്ന് ആവശ്യപ്പെടുകയുണ്ടായി. 23–3–2002–ൽ ചേർന്ന കേന്ദ്ര മന്ത്രിമാരുടെയും മുഖ്യമന്ത്രിമാരുടെയും സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നാലാമത് യോഗത്തിൽ പങ്കെടുത്ത ഭക്ഷ്യ സാംസ്കാരിക ദേവസ്വം വകുപ്പുമന്ത്രിയും ഇക്കാര്യം ശക്തമായി അവതരിപ്പിക്കുകയുണ്ടായി. കൂടാതെ 8–10–01–ൽ മുഖ്യമന്ത്രിയും 30–10–01–ൽ ഭക്ഷ്യമന്ത്രിയും 9–1–02–ൽ വീണ്ടും മുഖ്യമന്ത്രിയും കേന്ദ്ര സർക്കാരിന് ഇക്കാര്യത്തിൽ കേരളത്തിന്റെ നിലപാട് വ്യക്തമാക്കിക്കൊണ്ട് കത്തുകളും അയയ്ക്കുകയുണ്ടായി. ഇതിന്റെ ഫലമായി സംസ്ഥാന സർക്കാരുകൾ വികേന്ദ്രീകൃത സംഭരണത്തിനു തയ്യാറാകുന്നതുവരെ ഇപ്പോഴത്തെ നില തന്നെ തുടരുമെന്നും സംസ്ഥാന താല്പര്യങ്ങൾക്കെതിരായി വികേന്ദ്രീകൃത സംഭരണം അടിച്ചേല്പിക്കുകയില്ലെന്നും കേന്ദ്രം ഉറപ്പു നൽകിയിട്ടുണ്ട്.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

96 (*315) എൻഡോസൾഫാൻ എന്ന കീടനാശിനിയുടെ നിരോധനം പിൻവലിച്ച നടപടി

കൃഷിയും കയറും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ എൻഡോസൾഫാൻ എന്ന കീടനാശിനിയുടെ നിരോധനം സർക്കാർ പിൻവലിച്ചിട്ടുണ്ടെന്ന് അറിയിച്ചു. 1968–ലെ കീടനാശിനി ആക്ടിലെ സെക്ഷൻ 27 പ്രകാരം 90 ദിവസത്തേക്കു മാത്രമേ കീടനാശിനി തളിക്കുന്നത് നിരോധിക്കാൻ സംസ്ഥാന സർക്കാരിനവകാശമുള്ളു. എൻഡോസൾഫാൻ നിരോധിക്കാനുള്ള അവകാശം സെൻട്രൽ ഗവൺമെന്റിനാണ്. 23.8.2001–ൽ ഏർപ്പെടുത്തിയ താൽക്കാലിക നിരോധനം പെസ്റ്റിസൈഡ്സ് ആക്ട് സെക്ഷൻ 27–ന്റെ അധികാരപരിധി വച്ചുകൊണ്ടാണ്. എൻഡോസൾഫാൻ എന്ന കീടനാശിനിയുടെ പ്രയോഗം മനുഷ്യനിലും പരിസ്ഥിതിക്കും ഉണ്ടാക്കുന്ന വിപരീത ഫലങ്ങളെക്കുറിച്ച് സമഗ്രമായി പഠിക്കുവാൻ രൂപീകരിച്ച അഞ്ചംഗ കമ്മിറ്റിയുടെ റിപ്പോർട്ടും കേരള കാർഷിക സർവ്വകലാശാല സമർപ്പിച്ച റിപ്പോർട്ടും പരിശോധിച്ചശേഷം മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് എൻഡോസൾഫാന്റെ താല്ക്കാലിക നിരോധനം പിൻവലിച്ചത്.

97 (*316) <u>കാലാവധി കഴിഞ്ഞ മരുന്നുകൾ</u>

കൃഷിയും കയറും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ കാലാവധി കഴിഞ്ഞ 18 ലക്ഷം രൂപ വിലയ്ക്കുള്ള മരുന്നുകൾ റീപാക്ക് ചെയ്ത് പുതിയ കാലാവധി കാണിച്ച് വെറ്ററിനറി സ്റ്റോറുകളിൽ വിതരണം ചെയ്തതായി കണ്ടെത്തിയിട്ടുണ്ടെന്ന് അറിയിച്ചു. തിരുവനന്തപുരത്തുള്ള സ്വിസ് അഗ്രോവെറ്റ് മരുന്നു വിതരണ ഏജൻസിയാണ് ഇതിന് ഉത്തരവാദി. പ്രസ്തുത മരുന്നു വിതരണ ഏജൻസിക്ക് നൽകിയിരുന്ന സപ്ലൈ ഓർഡർ റദ്ദ് ചെയ്തിട്ടുണ്ട്. ഈ ഏജൻസിയിൽ നിന്നോ ബന്ധപ്പെട്ട മറ്റ് സ്ഥാപനങ്ങളിൽ നിന്നോ യാതൊരു മരുന്നുകളും സ്വീകരിക്കരുതെന്ന് വകുപ്പിലെ ബന്ധപ്പെട്ട ഓഫീസുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

98 (*318) <u>ശബരിമലയിൽ തീർത്ഥാടകർക്ക് മെച്ചപ്പെട്ട സൗകര്യം ലഭ്യമാക്കൽ</u>

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ ശബരിമലയിൽ തീർത്ഥാടകർക്ക് മെച്ചപ്പെട്ട സൗകര്യം നൽകാനുതകുംവിധം വനഭൂമി ഉപയോഗിക്കുവാൻ കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടെന്ന് അറിയിച്ചു. 1980-ലെ കേന്ദ്ര വന സംരക്ഷണ നിയമം പ്രാബല്യത്തിൽ വരുന്നതിനു മുൻപായി ലഭ്യമാക്കിയ 33.596 ഹെക്ടർ വനഭൂമി കൂടാതെ കേന്ദ്രാനുമതിയോടെ സ്ഥിര ഉപയോഗത്തിനായി 9.5845 ഹെക്ടറും താല്ക്കാലിക ഉപയോഗത്തിനായി 13.21 ഹെക്ടറുമായി ആകെ 22.7945 ഹെക്ടർ വനഭൂമി ദേവസ്വം ബോർഡിന് നൽകിയിട്ടുണ്ട്. ഇതുകൂടാതെ ശബരിമലയുമായി ബന്ധപ്പെട്ട മറ്റ് ഏജൻസികൾക്ക് 15.5002 ഹെക്ടർ വനഭൂമിയും ലഭ്യമാക്കിയിട്ടുണ്ട്.

## <u>നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ</u>

123 (1909) <u>ചന്ദന ഫാക്ടറിയിലെ നികുതി കുടിശ്ശിക</u>

സംസ്ഥാനത്ത് 14 ചന്ദന ഫാക്ടറി ഉടമകളിൽ നിന്നുമായി 94,18,785 രൂപ നികുതി കുടിശ്ശികയായി പിരിഞ്ഞുകിട്ടാനുണ്ട്.

124 (1924) <u>സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന കള്ളുഷാപ്പുകൾ</u>

ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 5972 ഷാപ്പുകൾ ഉണ്ടായിരുന്നു. സംസ്ഥാനത്താകെ 31706 ചെത്തു തൊഴിലാളികൾ ഉണ്ട്.

125 (1977) <u>ക്ഷീര സഹകരണ സംഘങ്ങൾ</u>

31.5.2002 വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്ത് 5166 ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ സാമ്പത്തിക വർഷം 70 പുതിയ ക്ഷീര സഹകരണ സംഘങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശമുണ്ട്.

126 (1983) <u>കെട്ടിടമില്ലാത്ത മൃഗാശുപത്രികൾ</u>

സംസ്ഥാനത്ത് 604 മൃഗാശുപത്രികൾക്ക് സ്വന്തമായി കെട്ടിടമില്ല. 2001–2002 വർഷത്തിൽ 17 മൃഗാശുപത്രികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ധനസഹായം നൽകുകയുണ്ടായി.